# ഇരിമ്പിളിയം
# ഗ്രാമ പഞ്ചായത്ത്

# ബജറ്റ്

# 2026-27

# ആമുഖം

ബഹുമാന്യരെ

ബജറ്റ് വെറുമൊരു സാമ്പത്തിക പ്രസ്താവനയല്ല; നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനും ക്ഷേമത്തിനുമുള്ള ഒരു മാർഗരേഖയാണ്. ഇത് നമ്മുടെ മുൻഗണനകളെയും പ്രതിബദ്ധതകളെയും എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയ്ക്കായുള്ള നമ്മുടെ കാഴ്ചപ്പാടിനെയും പ്രതിഫലിപ്പിക്കുന്നു.

ശ്രദ്ധാപൂർവ്വമായ ആസൂത്രണത്തിന്റെയും വിശദമായ ചർച്ചകളുടെയും, സുതാര്യത, ഉത്തരവാദിത്തം, സുസ്ഥിര വികസനം എന്നിവ ഉറപ്പാക്കുന്നതിനുള്ള കൂട്ടായ ശ്രമത്തിന്റെയും ഫലമാണ് ഇന്നത്തെ ബജറ്റ് അവതരണം.

വികസന ആവശ്യങ്ങളെ സാമ്പത്തിക ഉത്തരവാദിത്തവുമായി സന്തുലിതമാക്കുക എന്നതാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. കൃഷി, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സ്ത്രീ-ശിശു വികസനം, സാമൂഹിക ക്ഷേമം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ അവശ്യ മേഖലകളിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നമ്മുടെ ഗ്രാമീണ സമൂഹത്തിന് നേരിട്ട് പ്രയോജനം ചെയ്യുന്നതും സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ഉന്നമിപ്പിക്കുന്നതുമായ പദ്ധതികൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

ഈ ബജറ്റ് തയ്യാറാക്കുന്നതിൽ നമ്മുടെ എല്ലാ വാർഡ് അംഗങ്ങളുടെയും സഹകരണത്തിനും, നമ്മുടെ പഞ്ചായത്ത് ജീവനക്കാരുടെ കഠിനാധ്വാനത്തിനും ഞാൻ ആത്മാർത്ഥമായി നന്ദി പറയുന്നു. നമ്മുടെ ജനങ്ങളുടെ നന്മയ്ക്കായി നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഐക്യത്തോടെയും പ്രതിബദ്ധതയോടെയും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

റജുല വി കെ

പ്രസിഡന്റ്

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

**നക്ഷത്രങ്ങൾ കാണുന്ന കണ്ണുകൾ**

**ഏത് സ്വപ്നത്തിന്റെ തുടിപ്പുകൾ?**

**ഏത് ജീവിതത്തിന്റെ നിഴലുകൾ?**

**ഏത് ഭാവിയുടെ പ്രതീക്ഷകൾ?**

പ്രസിദ്ധ കവി ജി.ശങ്കരകുറിപ്പിന്റെ ഈരടികളോടെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2026–27 വർഷ കാലയളവിലെ ബജറ്റ് വളരെ പ്രതീക്ഷാപൂർവ്വം സമർപ്പിക്കുകയാണ്.

വളരെയേറെ പ്രത്യേകതകൾ ഈ വർഷത്തെ ബജറ്റ് അവതരണത്തിനുണ്ട്.

ഈ ഭരണസമിതി അധികാരമേറ്റെടുത്തശേഷമുള്ള ആദ്യ ബജറ്റ്. പഞ്ചായത്ത് സംവിധാനത്തിൽ കെ. സ്മാർട്ട് വിന്യസിച്ച ശേഷം അതുവഴി തയ്യാറാക്കിയ ബജറ്റ്.

പഞ്ചായത്തുകളിൽ അവതരിക്കപ്പെടുന്ന ബജറ്റിന് ആധികാരികതയും പ്രായോഗികതയും കുറവാണെന്ന ആരോപണം കാലാകാലങ്ങളായി നിലനിൽക്കുന്നതായി കേട്ടറിവുണ്ട്. എന്നാൽ കെ – സ്മാർട്ട് വഴി തയ്യാറാക്കപ്പെടുന്ന ബജറ്റ് ആധികാരികവും ശാസ്ത്രീയവും നൂതനവുമാണ്. മാത്രമല്ല പഞ്ചായത്തിന്റെ വരുമാനവും ചെലവുമായി വളരെ കൃത്യമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതായതിനാൽ പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ അടിസ്ഥാന രേഖയായി യഥാർത്ഥത്തിൽ ബജറ്റ് മാറുന്നുവെന്ന വലിയ നേട്ടവും കൈവരിക്കാനായിട്ടുണ്ട്.

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളുടെ സാങ്കേതികവൽകരണത്തിലുണ്ടായ വലിയ മാറ്റമായി ഇതിനെ മനസ്സിലാക്കണം.സാധാരണ മനുഷ്യരിലേക്ക് സാങ്കേതികവിദ്യയുടെ സാധ്യത എത്തിക്കുന്നതോടൊപ്പം ജനജീവിതം കുറേ കൂടി എളുപ്പമാക്കാൻ ഇത്തരം കാലികമായ മാറ്റങ്ങൾ വളരെയേറെ സഹായിക്കുന്നു.

ആയത് കൊണ്ടൊക്കെയും തന്നെ തീർത്തും കുറ്റമറ്റ രീതിയിൽ, വളരെ പ്രായോഗികമായതും പഞ്ചായത്ത് പ്രദേശത്തെ ജനജീവിതവുമായി നേർ ബന്ധമുള്ളതും ഏറ്റവും ജനോപകാരപ്രദവുമായ 2026–27 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് ഏറെ കടമ്പകളുണ്ടായിരുന്നു. പരിശീലനം, പരിചയം ,സമയം അങ്ങിനെ ഏറെ കുറവുകൾ ഉണ്ടായിരുന്നെങ്കിലും അതൊക്കെ ശ്രമകരമായി തന്നെ മറികടന്ന് കുറ്റമറ്റ രീതിയിൽ മികച്ചൊരു ബജറ്റ് തയ്യാറാക്കാനായിട്ടുണ്ട് എന്ന് അഭിമാനപൂർവ്വം ഓർക്കുന്നു. ഇത്തരത്തിൽ ഒരു ബജറ്റ് തയ്യാറാക്കുന്നതിന് കഠിനയത്നം തന്നെ നടത്തിയ അക്കൗണ്ടന്റ് ശ്രീമതി.ശ്രീദേവി പൂർണ്ണ സഹകരണം നൽകിയ ഐ. കെ എം ടീമംഗങ്ങൾ പ്രത്യേകിച്ചും ടെക്നിക്കൽ അസിസ്റ്റന്റ് സുഹാന, സെക്രട്ടറിയും ജീവനക്കാരും എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഭരണസമിതി അംഗങ്ങളും എല്ലാവരും തന്നെ നന്ദിയും അഭിനന്ദനവുമർഹിക്കുന്നു.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ വികസന സ്വപ്നങ്ങൾ ആവേശത്തോടെ അവതരിപ്പിക്കുമ്പോഴും ലോകം വളരെയേറെ പ്രതിസന്ധികൾ നേരിടേണ്ടി വരുന്ന ഒരു ആശങ്കാ കാലത്തിന്റെ തൊട്ടരികിലാണ് നാം നിൽക്കുന്നതെന്ന് പറയാതെ വയ്യ. പക്ഷെ ഇതിലേറെ കടുപ്പകാലം കടന്ന് വന്നവരാണല്ലോ നമ്മൾ,

ആയതിനാൽ ഈ കാലവും കടന്ന് ഒരുമിച്ച് മുന്നോട്ട് തന്നെ നമുക്ക് പോകേണ്ടതുണ്ട്. അതിന് വേണ്ടി നമുക്കൊരുമിച്ച് നിൽക്കാം.

ലോകാധിപത്യത്തിനു വേണ്ടിതന്നെ രാജ്യങ്ങൾ തമ്മിലുള്ള കലഹം അതിന്റെ പരകോടിയിലെത്തിയ കാലമാണിത്. രാജ്യസമാധാനങ്ങളുടെ ആകാശത്തിൻമേലുള്ള അമേരിക്കൻ ഇടപെടൽ എല്ലാ മര്യാദാതിർത്തിയും ലംഘിച്ചിട്ടുണ്ട്. 3–ാം ലോക മഹായുദ്ധത്തിന് തന്നെ കാരണമാകാവുന്നതരത്തിൽ യുദ്ധഭീതി ശക്തമായി നിലനിൽക്കുന്നു. അറബ് രാജ്യങ്ങൾ യുദ്ധപുകയുടെ മൂടലിലാണ്. ഉടനെയൊന്നും അവസാനിക്കാത്ത തരത്തിലാണ് യുദ്ധഭീതി പടരുന്നത്. സാങ്കേതികത വളരെയേറെ മുന്നേറിയ ഇക്കാലത്ത് ഒരു ലോകയുദ്ധത്തിലേക്ക് കാര്യങ്ങൾ പോകുന്നത് ഒട്ടും ആശാവഹമല്ല. മനുഷ്യരാശിയുടെ നിലനിൽപ് തന്നെ ലാഭകൊതിയൻമാരും യുദ്ധവെറിയൻമാരും രക്തദാഹികളുമായ ചില ലോകനേതാക്കൻമാരുടെ അൽപ ബുദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത്.

അറേബ്യൻ രാജ്യങ്ങളിലെ ഇപ്പഴത്തെ യുദ്ധ സാഹചര്യം ലോക സമ്പദ് വ്യവസ്ഥയെ തന്നെ ദോഷകരമായി ബാധിച്ചേക്കാം. പ്രത്യേകിച്ചും നമ്മൾ മലയാളികൾക്ക് അതിന്റെ പ്രത്യാഘാതം ഭയങ്കരമായിരിക്കും. എൻ.ആർ.ഐ വരുമാനം പ്രധാന ആശ്രയമായ നമ്മുടെ സംസ്ഥാനത്തിന് അതും ഗൾഫ് സ്വാധീനം ഏറെയുള്ള മലപ്പുറം ജില്ലക്കും മലബാർ മേഖലക്കും ഇത് താങ്ങാനാവുമോ എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ തന്നെ ലോക വ്യാപാരങ്ങളുടെ മേൽ ചുമത്തപ്പെട്ട ട്രംപീയൻ തീരുവകൾ താങ്ങാനാവാതെയിരിക്കേ ക്ലനിൽമേൽകുരുപോലെ യുദ്ധഭീഷണിയും. സാഹചര്യം വളരെ ഗൗരവമേറിയതാണെന്ന് പറയേണ്ടതില്ലല്ലോ.

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം നാളിതുവരെ ചേരിചേരാ നയം സ്വീകരിച്ച് മാധ്യമ നിഷ്പക്ഷപാത സ്വീകരിച്ചു വന്ന ഇന്ത്യൻ നിലപാടുകൾ മാറി മറിഞ്ഞതും ഗൗരവ വിഷയമായി പരിഗണിക്കണം., ഈ നിലപാട് മാറ്റം മറ്റ് പല മേഖലകളിലും കാണാവുന്നതാണ്. ഭരണഘടനയെ സംരക്ഷിക്കുകയും നടപ്പിലാക്കുകയും ചെയ്യാൻ ഉത്തരവാദിത്വപ്പെട്ടവർ തന്നെ ലംഘകരാകുന്നത് ഒട്ടും ആശാവഹമല്ല.

സംസ്ഥാനങ്ങളുടെ നേർക്കുള്ള വേർതിരിവിന് കാരണങ്ങൾ പലതും തന്നെ ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും. കേരളം പോലുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ അവഗണിക്കപ്പെടുന്നുണ്ട് എന്ന് പറയാതെ വയ്യ. സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയെ ഇത് സാരമായി ബാധിക്കപ്പെടുന്നുണ്ട്. രാജ്യവ്യാപകമായി പണപ്പെരുപ്പം വിലകയറ്റം പോലുള്ള സാമ്പത്തിക ദുരന്തങ്ങൾ സഹിക്കേണ്ടി വരുന്നത് സാധാരണക്കാരാണ്.

കേന്ദ്ര–സംസ്ഥാന സർക്കാരുകളെ അപേക്ഷിച്ച് പൊതുജന ജീവിതവുമായി നേരിട്ട് ഇടപടേണ്ടി വരുന്നത് പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ഭരണസംവിധാനത്തിന്റെ ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് അതുകൊണ്ട് തന്നെ ഉത്തരവാദിത്വം ഏറെയുമാണ്.

കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ ബഹുഭൂരിപക്ഷം ആളുകളും ശരാശരിയോ അതിനുതാഴെയോ ജീവിത നിലവാരമുള്ളവരാണ്. ഏറ്റവും അവശതയനുഭവിക്കുന്നവരെ മുന്നിൽ കണ്ടാവണം ബജറ്റ് തയ്യാറാക്കേണ്ടത് എന്ന് മനസ്സിലാക്കി, സ്വയം പര്യാപ്തത, സേവനം, സഹാനുഭൂതി തുടങ്ങിയ ഗാന്ധിയൻ

വിശ്വാസങ്ങളെ കണക്കിലെടുത്ത്,കളിമണ്ണിൽ നിന്ന് കലയുണ്ടാകുന്നത് പോലെ ഗ്രാമത്തിന്റെ മണ്ണിൽ നിന്നും മനസ്സിൽ നിന്നും സ്വപ്നങ്ങൾ വിരിയട്ടെ എന്നാശിച്ചു കൊണ്ടാണ് 26-27 വർഷത്തെ ബജറ്റ് തയ്യാറാക്കിയുള്ളത്.

"There is enough for everyone's need, but not enough for everyone's greed ".
–Mahatma Gandhi

വളരെ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കിയ ബജറ്റ് കണക്കുകൾ ഇങ്ങനെയാണ്.

2026 -27 വർഷത്തെ പ്രാരംഭ ബാക്കി അഞ്ച് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുത്തിയെട്ടായിരത്തി നൂറ്റി നാല്പ്പത്തിമൂന്ന് രൂപയാണ് (5,94,28,143,00)

തൻ വർഷത്തെ പ്രതീക്ഷിത തനത് മൂലധന വരവുകൾ ഉൾപ്പടെ ആകെ വരവ് ഇരുപത്തി ഒമ്പത് കോടി എൺപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി അൻപത്തിനാല് രൂപ (29,83,27,554.00)

ആകെ പ്രതീക്ഷിത ചെലവ് പതിമൂന്ന് കോടി അൻപത്തി അഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അൻപത് രൂപ (13,55,82,550.00)

ഇതിൽ നിന്ന് സംസ്ഥാന ബജറ്റ് പ്രകാരമുള്ള പദ്ധതി ചെലവുകൾക്കായി ലഭിക്കുന്ന പതിനഞ്ച് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി നാല്പ്പത്തിരണ്ടായിരത്തി നാന്നൂറ്റിനാല്പ്പത്തിമൂന്ന് രൂപ (15,97,42,443.00) രൂപ കൂടി ചെലവഴിക്കപ്പെടുമ്പോൾ ,

2026-27 സാമ്പത്തിക വർഷാവസാനം നീക്കിയിരുപ്പാണ്ടാകേണ്ട തുക മുപ്പത് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി ഒന്ന് രൂപ

(30,02, 561.00)

മുകളിൽ കാണിച്ച കണക്കുകൾ കെ സ്മാർട്ട് വഴി പദ്ധതികളുമായി ബന്ധിക്കപ്പെടുന്നതും അത് പ്രകാരം മാത്രം ചെലവഴിക്കപ്പെടുന്നതുമാണ്. ഇതിൽ ഏതെങ്കിലും തരത്തിൽ വരവിലോ ചെലവിലോ വ്യത്യാസം വരുന്ന പക്ഷം ബജറ്റ് പുതുക്കി ഈ സഭ മുമ്പാകെ അവതരിപ്പിക്കുകയും അനുമതി വാങ്ങുകയും ചെയ്യുന്നതാണ്. അത്രക്കും കിറുകൃത്യമായിട്ടാണ് ഈ ബജറ്റ് കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ ജനപക്ഷത്ത് നിന്നിട്ടുള്ള ഈ ബജറ്റിൽ താഴെ പറയുന്ന മേഖലകൾക്ക് മുൻതൂക്കം നൽകി തുക വകയിരുത്തി സർവ്വജനക്ഷേമത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്.

ഒരു ജനകീയ ഭരണകൂടം ഏറ്റവും മുൻതൂക്കം നൽകേണ്ടത് ജനസേവനത്തിനാണ്, അഗതികളും ആലംബഹീനരുമായവർക്ക്,ജീവിതത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് താങ്ങും തണലുമാകുന്നതിന് ഉദ്ദേശിച്ച് ഉറച്ച് തന്നെയാണ് ഗാന്ധിയൻ ആദർശങ്ങളെ അടിസ്ഥാനമാക്കി, ദാരിദ്ര്യമാണ് അക്രമങ്ങളുടെ ഏറ്റവും മാരക രൂപമെന്ന തിരിച്ചറിവിൽ സേവന മേഖലക്ക് ഏറ്റവും കൂടുതൽ തുക പതിമൂന്ന് കോടി പതിനഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഒരു നൂറ്റിമുപ്പത് രൂപ (13,15,35,130.00)ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്.

സേവനമേഖല തന്നെ പാർപ്പിടാവശ്യത്തിന് ഒമ്പത് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ(9,35,90,000.00) വകയിരുത്തിയിട്ടുണ്ട്. സമാധാനമായി

താമസിക്കാൻ സുരക്ഷിതത്വവും വൃത്തിയുള്ളതുമായ ഒരു വീട് ഏതൊരു മനുഷ്യന്റേയും സ്വപ്നമാണ്, പുരോഗമനത്തിന്റെ പാതയിൽ ഏതൊരാളുടേയും അവകാശം കൂടിയാണത്.

ഇന്ന് കാലം ഏറെ ചർച്ച ചെയ്യപ്പെടുന്നതും പഴയകാല സാമൂഹ്യ അസമത്വത്തിന് പ്രായശ്ചിത്തം എന്നോണം ഏറ്റെടുത്ത് നടപ്പാക്കേണ്ടതുമാണ് അരികുവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിത നിലവാരവും സാമൂഹിക അന്തസ്സും ഉയർത്തുന്നതിനുള്ള പദ്ധതികൾ. ബജറ്റിൽ ഇത് പ്രത്യേകം ശ്രദ്ധിച്ച് തുക നീക്കി വച്ചിട്ടുണ്ട്.

പട്ടികജാതി ക്ഷേമത്തിനായി നാല് കോടി നാൽപ്പത്തി രണ്ട് ലക്ഷം രൂപ(4,42,00,000.00) വകയിരുത്തി.

സ്ത്രീ സുരക്ഷയും ക്ഷേമവും വികസനവും ലാക്കാക്കി മുപ്പത്തി എട്ട് ലക്ഷത്തി അമ്പതിനായിരം രൂപ (38,50,000.00) മാറ്റി വച്ചിട്ടുണ്ട്.

വനിതകളുടെ ആരോഗ്യം, ആത്മാഭിമാനം,സ്വയം പര്യാപ്തത എന്നിവ ഉയർന്ന് വരുന്നത് സാമൂഹിക സമത്വം വർദ്ധിപ്പിക്കുന്നു.മാത്രമല്ല സ്ത്രീകളുടെ സൃഷ്ടി പരമായ പങ്കാളിത്തം സാമൂഹിക വീക്ഷണത്തിന് കൂടുതൽ തരളിതയും സഹാനുഭൂതിയും മെച്ചപ്പെട്ട ഉത്തരവാദിത്വ ബോധമേറിയ ഉൾക്കാഴ്ചയും നൽകുന്നു.

എല്ലാ മനുഷ്യരേയും ഒരേ പോലെ കാണുന്നത് നിർബന്ധ മനുഷ്യഗുണമാകണമെന്നിരിക്കേ, കാലാ കാലങ്ങളായി അവഗണന നേരിടുന്നവരെ കൂടുതൽ പരിഗണിക്കുകയെന്നത് അറിഞ്ഞും അറിയാതെയും ദുർബല വിഭാഗങ്ങളോട് ചെയ്തു കൂട്ടിയ, ഇന്നും ആവർത്തിക്കപ്പെടുന്ന ദുരാചാരങ്ങൾക്കും ദുരഭിമാനത്തിനുമുള്ള ഉത്തമ മറുപടിയും മാപ്പ് പറയലും കൂടിയാണ്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് മറ്റ് സാമൂഹ്യക്ഷേമ പരിപാടികൾക്കായി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ (83,75,000.00) കണക്കാക്കിയിട്ടുണ്ട്.

ഖരമാലിന്യനിർമ്മാർജ്ജനം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വൃത്തിയുള്ള നാട് നല്ല സമൂഹത്തിനെ സൃഷ്ടിക്കുന്നു. ഖരമാലിന്യനീക്കത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കുമായി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയെട്ടായിരത്തി ഒരു നൂറ്റിമുപ്പത് രൂപ (78,88,130.00)കണ്ടെത്തിയിട്ടുണ്ട്.

പൊതുജനാരോഗ്യ സംരക്ഷണം സുഭദ്രമായ സാമൂഹ്യാവസ്ഥയെ സംജാതമാക്കുന്നു. സ്വകാര്യവൽകരണത്തിനെ പ്രതിരോധിക്കൻ പൊതുവായതിന് അധിക പരിഗണന നൽകേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ ഇരിമ്പിളിയം പഞ്ചായത്ത് വളരെ ഏറെ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.ആ പ്രാധാന്യത്തിനും ശ്രദ്ധക്കും ഒട്ടും കുറവ് വരാതെ നോക്കുന്നതിനായി അറുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ (63, 45,000.00) ആരോഗ്യമേഖലയിലെ വിവിധാവശ്യങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

ഭാവി ലോകത്തിന്റെ വാഗ്ദാനങ്ങളായ നമ്മുടെ പിഞ്ചോമനകൾക്ക് സമ്പന്നമായ ശൈശവം ഉറപ്പിക്കുന്നതിന് അംഗനവാടികൾക്കായി അൻപത്തിയേഴ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ (57,75,0000) കരുതി വച്ചിട്ടുണ്ട്.

സമൂഹത്തിന്റെ നാനാതുറകളിൽപ്പെട വിവിധ പ്രായക്കാർക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്താൻ അൻപത്തിയേഴ് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ (, 35,000.00) വകയിരുത്തിയിരിക്കുന്നു.

നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയര്ത്തുന്ന തരത്തില് ഭൗതിക സാഹചര്യങ്ങള് മാറ്റിയെഴുതുന്നതിനായി സമഗ്ര വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എജ്യു അറ്റ് ഇരിമ്പിളിയം, സ്കൂളുകള്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങള് സൃഷ്ടിക്കുന്നതിനും ,എസ്.എസ്.എ വിഹിതം ,അക്ഷരം വെളിച്ചം പദ്ധതി , തുല്യതാ പഠനം എന്നിവക്കായി ഇരുപതു ലക്ഷത്തി നാൽപതിനായിരം രൂപ (20,40,000.0) ബഡ്ജറ്റില് വകയിരുത്തിയിരിക്കുന്നു.

വിവിധ ശുചിത്വ പ്രവർത്തനങ്ങളുടെ തുടർച്ചക്ക് ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തേഴായിരം രൂപ കണ്ടെത്തിയിട്ടുണ്ട്.

കടുത്ത വേനലിൽ കുടിവെള്ള ലഭ്യത പഞ്ചായത്ത് പ്രദേശത്ത് പലയിടത്തും കുറവാണ്.. കുടിവെള്ളാവശ്യങ്ങൾക്കായി പതിനാറ് ലക്ഷം രൂപയാണ് (16,00,000.00). ബജറ്റ് നീക്കിവച്ചത്.

ആകസ്മിത ദുരന്തങ്ങളെ നേരിടുന്നത് ഇക്കാലം വരെ ജനങ്ങൾ ഒറ്റകെട്ടായി നിന്നിട്ടുണ്ട്. ഇനിയും അതങ്ങിനെ തന്നെ തുടരും. ദുരന്ത നിവാരണ രംഗത്തെ ഏറ്റവും അടിസ്ഥാന സൗകര്യങ്ങൾക്ക് ഒരു ലക്ഷം രൂപ (1,00,000.00) വകയിരുത്തിയിരിക്കുന്നു.

ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ടും കാലത്തിന്റെ ആവശ്യം കൊണ്ടും പശ്ചാത്തല മേഖലക്ക് കൂടി വലിയ പ്രാധാന്യം നൽകണമെന്നതിനാൽ പശ്ചാത്തല സൗകര്യങ്ങൾക്കായി വരും വർഷത്തെ ബജറ്റിൽ രണ്ട് കോടി പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ (2, 13,50,000.00) മൊത്തത്തിൽ നീക്കിവച്ചിട്ടുണ്ട്.

അതിൽ തന്നെ ഗതാഗത സൗകര്യങ്ങൾക്ക് മുഖ്യ പ്രാധാന്യം നൽകി ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ (1,87,50,000.00) പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്.

വിവിധ കെട്ടിട നിർമാണ പ്രവർത്തികൾക്ക് പതിനെട്ട് ലക്ഷവും (18,00,000.00)

തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എട്ട് ലക്ഷവും (8,00,000.00) തുക നീക്കി വച്ചിട്ടുണ്ട്.

ഒട്ടും പ്രാധാന്യം കുറയാതെ തന്നെ ഉത്പാദന മേഖലയേയും ബജറ്റ് പരിഗണിച്ചിട്ടുണ്ട്. ഒരു കോടി അൻപത്തിയഞ്ച് ലക്ഷത്തി നാല്പത്തിമൂവായിരത്തി മുന്നൂറ്റി പതിനാറ് രൂപ(1,55,43,316.00) ഈ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് വകയിരുത്തി.

കർഷകരാണ് ഇരിമ്പിളിയം പഞ്ചായത്തിന്റെ മുതൽ കൂട്ട്. ഈ മേഖലയിൽ പലതരം പ്രശ്നങ്ങൾ നിലനിൽക്കുന്നതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്കായി ഒരു കോടി രണ്ട് ലക്ഷത്തി മുപ്പത്താറായിരത്തി അറുനൂറ്റി അറുപത്തിയാറ് (1,02,36,666.00) എന്ന വലിയൊരു തുക തന്നെ വകയിരുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണ രംഗത്ത് മുപ്പത്തിനാല് ലക്ഷത്തി ആറായിരത്തി അറുനൂറ്റി അൻപത് രൂപ (34,06, 650.00)നീക്കി വച്ചിരിക്കുന്നു.

ഇതിനു പുറമേ ക്ഷീരവികസനത്തിന് മാത്രമായി പതിനൊന്ന് ലക്ഷം രൂപ (11,00,000.00) പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

വിവിധ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് എട്ട് ലക്ഷം രൂപയും (8,00,000.00) ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്..

പഞ്ചായത്തിന്റെ വികസനാവശ്യങ്ങളെ മനസ്സിലാക്കി സമസ്ത മേഖലക്കും പ്രാധാന്യം നൽകി തീർത്തും കുറ്റമറ്റ രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നിരുന്നാലും ഏത് സമയത്തുണ്ടാകുന്ന ആവശ്യകതകളേയും സാധ്യതകളേയും കൂടി മനസ്സിലാക്കി അത് കൂടി ഉൾപ്പെടുത്താവുന്ന വിധത്തിൽ ഒരു തുറന്ന പുസ്തകമായി ബജറ്റിനെ കാണണമെന്നും വികസന പാത വിശാലവും അനന്തവുമായതിനാൽ ഇനിയും മുന്നോട്ട് എന്ന ബോധ്യത്തോടയാണ് 2026–27 വർഷത്തെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ബജറ്റ് അവതരിപ്പിക്കുന്നത്.

**"അനക്കമറ്റ് നിദ്രയിൽ ലയിപ്പതിന്ന് മുന്നെയായ്**

**നമുക്കതീവ. ദൂരമുണ്ടവിശ്രമം നടക്കുവാൻ".**

എന്ന റോബർട്ട് ഫ്രോസ്റ്റിന്റെ വരികളെ ഈ നിമിഷം ഓർക്കുന്നു.

എല്ലാവരും തന്നെ മുൻവിധികളില്ലാതെ ബജറ്റിനെ നോക്കി കാണണമെന്നും ഇതിൻമേൽ സ്വതന്ത്രവും സത്യസന്ധവും പ്രോത്സാഹനജനകവുമായ ചർച്ചയുണ്ടാകണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് ബജറ്റ് സമർപ്പിക്കുന്നു.

ലോകത്തിന്റെ അതിരുകളും മനുഷ്യ ബന്ധങ്ങളിലെ അതിർത്തികളും മാഞ്ഞുപോകുമെന്നും ലോകം എല്ലാവരുടേയും ഒരുപോലെ ആകുമെന്നും സ്വപ്നം കണ്ടുകൊണ്ട്. ലോകം മുഴുവൻ എപ്പോഴും സുഖമായിരിക്കട്ടെ എന്നാശിച്ച് കൊണ്ട്.

നിങ്ങളുടെ വിധേയൻ

കെ ടി മൊയ്തു മാസ്റ്റർ

വൈസ് പ്രസിഡന്റ്

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്.

# Irimbiliyam Grama Panchayat Office

## Summary

2026-2027

| SN | Particulars | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 1 | Opening Balance | | 40389266 | 59428143 |
| 2 | Total Revenue Receipts | | 103556450 | 133298800 |
| 3 | Total Capital Receipts | | 179818156 | 105600611 |
| 4 | Total Receipts | | 283374606 | 238899411 |
| 5 | Grand Total | | 323763872 | 298327554 |
| 6 | Total Revenue Expenditure | | 220415426 | 127102800 |
| 7 | Total Capital Expenditure | | 45442303 | 8479750 |
| 8 | Total Expenditure | | 265857729 | 135582550 |
| 9 | Closing Balance | | 57906143 | 162745004 |
| 10 | Poverty Alleviation Fund | | 16791342 | 3110000 |

# Irimbiliyam Grama Panchayat Office

# Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Opening Balance** | | **40389266** | **59428143** |
| | **Revenue Receipt - 1** | | | |
| | **Tax Revenues - 110** | | | |
| 1 | 1100107 Property Tax On Residential Buildings | | 4000000 | 4400000 |
| 2 | 1100108 Property Tax On Non-Residential Buildings | | 4000000 | 4400000 |
| 3 | 1101001 Profession Tax – Employees | | 1200000 | 1320000 |
| 4 | 1101002 Profession Tax - Traders/ Institutions | | 300000 | 330000 |
| | **Total Tax Revenues** | | **9500000** | **10450000** |
| | **Fees and User Charges - 140** | | | |
| 5 | 1401001 Private Hospital & Paramedical Institutions Registration Fee | | 3000 | 1000 |
| 6 | 1401099 Other Empanelment & Registration Charges | | 500 | 500 |
| 7 | 1401101 License Fees for IFTEOS | | 150000 | 165000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 8 | 1401105 License fee for Domestic Animals | | 150 | 500 |
| 9 | 1401106 License Fees for Domestic Dogs | | 1000 | 1500 |
| 10 | 1401107 Licence Fees For Livestock Farms | | 1000 | 1000 |
| 11 | 1401109 Licence Fees for Private Slaughter House | | 5000 | 5000 |
| 12 | 1401199 Other Licensing Fees | | 40000 | 40000 |
| 13 | 1401201 Fees for Construction of Buildings | | 2000000 | 2100000 |
| 14 | 1401202 Fees for Installation of Machinery | | 50000 | 25000 |
| 15 | 1401203 Permit Application fee | | 200000 | 220000 |
| 16 | 1401204 Permit Fee for Additional FSI | | 5000 | 2500 |
| 17 | 1401205 Fees for Erection of Telecommunication Tower | | 100000 | 50000 |
| 18 | 1401301 Fees for Birth & Death Certificate | | 3000 | 1000 |
| 19 | 1401302 Fees for Delayed Registration - Birth & Death | | 250 | 500 |
| 20 | 1401303 Fees for Marriage Certificate | | 15000 | 5000 |
| 21 | 1401304 Fee for Marriage Registration | | 46000 | 50000 |
| 22 | 1401305 Fee for Non Availability Certificate | | 2000 | 1000 |
| 23 | 1401306 Fee for Correction in Registration | | 2000 | 2500 |
| 24 | 1401399 Fees for Other Certificates or Extracts | | 5000 | 5500 |
| 25 | 1401401 Fees under RTI Act | | 1000 | 1000 |
| 26 | 1401601 Development Charges | | 300000 | 50000 |
| 27 | 1401701 Regularization Fees | | 1500000 | 1650000 |
| 28 | 1401801 Application Fee | | 2500 | 3000 |
| 29 | 1402001 Penal Interest | | 65000 | 70000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 30 | 1402002 Fines imposed by court (including P.F.A) | | 10000 | 10000 |
| 31 | 1402003 Other Penalities and Fines | | 105000 | 110000 |
| 32 | 1402004 Compounding Fee | | 10000 | 20000 |
| 33 | 1402005 Fine for Dumping Waste | | 25000 | 50000 |
| 34 | 1402006 Fine imposed by Health Authorities | | 47000 | 50000 |
| 35 | 1404002 Notice Fees | | 5000 | 5000 |
| 36 | 1404003 Warrant Fees | | 3000 | 3000 |
| 37 | 1404004 Ownership Change Fees - Fine | | 50000 | 55000 |
| 38 | 1404008 Delayed Registration Fees | | 75000 | 80000 |
| 39 | 1404009 Search Fees | | 1000 | 1000 |
| 40 | 1404011 Late Fee | | 5000 | 5000 |
| 41 | 1405008 Receipts from Libraries | | 1000 | 1000 |
| 42 | 1405099 Other User Charges | | 2000 | 2000 |
| 43 | 1407001 Road Cutting Charges | | 40000 | 50000 |
| | **Total Fees and User Charges** | | **4876400** | **4893500** |
| | **Sale and Hire Charges - 150** | | | |
| 44 | 1501003 Receipts from Sale of Usufructs of trees | | 6000 | 6000 |
| 45 | 1501099 Receipts from Sale of Other Products | | 24000 | 25000 |
| 46 | 1501101 Receipts from Sale of Forms | | 10000 | 10000 |
| 47 | 1501102 Receipts from Sale of Tender Forms | | 1000000 | 1000000 |
| 48 | 1501202 Receipts from Sale of Scrap | | 100000 | 100000 |
| 49 | 1501203 Receipts from auction of obsolete assets | | 100000 | 100000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Sale and Hire Charges** | | **1240000** | **1241000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 50 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | | 2004800 | 2004800 |
| 51 | 1601012 Fund for Transferred Functions/ Schemes - Widow Pension | | 18942600 | 18942600 |
| 52 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | | 1379800 | 1379800 |
| 53 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | | 5733200 | 5733200 |
| 54 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 90000 | 120000 |
| 55 | 1601018 Fund for Transferred Functions/ Schemes - Old Age Pension | | 37032900 | 37032900 |
| 56 | 1601023 General Purpose Fund | | 21402000 | 25350000 |
| 57 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | | 0 | 24000000 |
| | **Total Revenue Grants, Contributions and Subsidies** | | **86585300** | **114563300** |
| | **Interest Earned - 171** | | | |
| 58 | 1711001 Interest from Bank Accounts | | 1100000 | 1500000 |
| | **Total Interest Earned** | | **1100000** | **1500000** |
| | **Other Income - 180** | | | |
| 59 | 1808099 Miscellaneous Receipts | | 55000 | 50000 |
| | **Total Other Income** | | **55000** | **50000** |
| | **Prior Period Items - 280** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 60 | 2801001 Prior Period Income | | 199000 | 500000 |
| 61 | 2801002 Prior Period Income - Recovery of Unutiltzed Grants/ Funds | | 0 | 100000 |
| | **Total Prior Period Items** | | **199000** | **600000** |
| | **Rental Income - LB Properties - 130** | | | |
| 62 | 1302003 Rent from Buildings | | 750 | 1000 |
| | **Total Rental Income** | | **750** | **1000** |
| | **Total Revenue Receipt** | | **103556450** | **133298800** |
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 63 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | | 192000 | 192000 |
| 64 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | | 263000 | 263000 |
| 65 | 3201004 Central Finance Commission Grant - Tied | | 7586111 | 7586111 |
| 66 | 3201005 Central Finance Commission Grant - Untied | | 4886000 | 4886000 |
| 67 | 3201020 Integrated Child Development Service | | 4284450 | 0 |
| 68 | 3201024 National Health Mission | | 500000 | 0 |
| 69 | 3201029 Swaccha Bharat Mission - Solid Waste Management | | 2794213 | 0 |
| 70 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 16791342 | 19243750 |
| 71 | 3202001 Development Fund - General | | 26936072 | 34084000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 72 | 3202002 Development Fund - Special Component Plan | | 10079000 | 10627000 |
| 73 | 3202009 Maintenance Fund - Road Assets | | 20306544 | 20950000 |
| 74 | 3202010 Maintenance Fund - Non-Road Assets | | 6362000 | 5995000 |
| 75 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | | 6200000 | 0 |
| 76 | 3202032 Literacy Scheme Grant | | 0 | 200000 |
| 77 | 3208010 Beneficiary Contribution | | 4343833 | 0 |
| 78 | 3209001 Contribution to Joint Venture Projects from District Panchayat | | 10482072 | 0 |
| 79 | 3209002 Contribution to Joint Venture Projects from Block Panchayat | | 13064600 | 0 |
| | **Total Grants, Contribution for Specific Purposes** | | **135071237** | **104026861** |
| | **Secured Loans - 330** | | | |
| 80 | 3305003 Loan from K.U.R.D.F.C | | 20124000 | 0 |
| | **Total Secured Loans** | | **20124000** | **0** |
| | **Deposits Received - 340** | | | |
| 81 | 3401001 Earnest Money Deposit | | 15000 | 0 |
| 82 | 3401002 Security Deposit | | 80000 | 0 |
| 83 | 3401003 Retention | | 225000 | 0 |
| 84 | 3402006 Election Deposit(Candidate) | | 196000 | 0 |
| | **Total Deposits Received** | | **516000** | **0** |
| | **Other Liabilities - 350** | | | |
| 85 | 3502018 Recoveries Payable-Audit Recovery | | 125000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 86 | 3502024 Recoveries Payable-Other Recoveries from Employees | | 1500 | 0 |
| 87 | 3502025 Recoveries Payable - Income Tax Deducted at Source | | 4688 | 0 |
| 88 | 3503001 Government and Other Dues Payable - Library Cess Payable | | 700000 | 0 |
| | **Total Other Liabilities** | | **831188** | **0** |
| | **Redemption - 431** | | | |
| 89 | 4315002 Receivables from Government (redemption amount) | | 23169731 | 0 |
| | **Total Redemption** | | **23169731** | **0** |
| | **Loans, Advances and Deposits - 460** | | | |
| 90 | 4601001 Festival Advance to Employees | | 106000 | 200000 |
| 91 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 0 | 1373750 |
| | **Total Loans, Advances and Deposits** | | **106000** | **1573750** |
| | **Total Capital Receipt** | | **179818156** | **105600611** |
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 92 | 2101001 Salaries -Secretary | | 1050000 | 1100000 |
| 93 | 2101003 Salaries - Permanent Staff | | 7200000 | 9000000 |
| 94 | 2101004 Salaries - Contract Staff | | 1250000 | 1250000 |
| 95 | 2101005 Salaries - Temporary Staff | | 20000 | 100000 |
| 96 | 2101007 Salaries - Part time Contingent Staff | | 155000 | 220000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 97 | 2101101 Wages | | 700000 | 1000000 |
| 98 | 2101201 Bonus | | 31500 | 65000 |
| 99 | 2101401 Honourarium | | 1000000 | 500000 |
| 100 | 2101501 Festival Allowance | | 21000 | 32500 |
| 101 | 2102001 Travelling Allowances - Secretary | | 15000 | 30000 |
| 102 | 2102003 Travelling Allowances - Permanent Staff | | 75000 | 200000 |
| 103 | 2102004 Travelling Allowances - Temporary Staff | | 0 | 20000 |
| 104 | 2102005 Travelling Allowances - Contingent Staff | | 10000 | 10000 |
| 105 | 2102006 Other allowances - Secretary | | 10000 | 100000 |
| 106 | 2102008 Other allowances - Permanent Staff | | 25000 | 200000 |
| 107 | 2102009 Other allowances - Temporary Staff | | 0 | 50000 |
| 108 | 2102010 Other allowances - Contingent Staff | | 4000 | 50000 |
| 109 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 800000 | 3500000 |
| 110 | 2102015 Uniforms | | 0 | 2500 |
| 111 | 2102016 Other Benefits and Allowances | | 0 | 50000 |
| 112 | 2102017 Festival Allowance | | 70000 | 50000 |
| 113 | 2102018 Spectacle Allowance | | 0 | 4500 |
| 114 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 1000 | 30000 |
| 115 | 2102020 Telephone Allowance - Secretary | | 3000 | 3000 |
| 116 | 2102021 Telephone Allowance - Mayor/ Chairperson/ President | | 3000 | 3000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 117 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 3000 | 3000 |
| 118 | 2103001 Employer's Contribution to Pension Fund - Regular Employees | | 100000 | 0 |
| 119 | 2103002 Employer's Contribution to Pension Fund - Contingent Employees | | 50000 | 50000 |
| 120 | 2103003 Employer's Contribution to EPF - Contract Employees | | 0 | 200000 |
| 121 | 2103006 Employer's Contribution to NPS - Regular Employees | | 250000 | 800000 |
| 122 | 2103007 Pension Contribution | | 0 | 800000 |
| 123 | 2104001 Terminal Leave Surrender | | 0 | 850000 |
| 124 | 2105099 Other Establishment Expenses | | 0 | 500000 |
| | **Total Establishment Expenses** | | **12846500** | **20773500** |
| | **Administrative Expenses - 220** | | | |
| 125 | 2201001 Rent of Buildings | | 10000 | 21000 |
| 126 | 2201003 Other Taxes/ Duties | | 0 | 50000 |
| 127 | 2201005 Vehicle Tax | | 0 | 50000 |
| 128 | 2201101 Office Electricity Expenses | | 120000 | 140000 |
| 129 | 2201102 Water Charges - Office | | 3000 | 15000 |
| 130 | 2201105 Water Charges - LB buildings | | 0 | 15000 |
| 131 | 2201199 Other Office Maintenance Expenses | | 50000 | 500000 |
| 132 | 2201201 Telephone Expenses/ Internet Charges | | 25000 | 75000 |
| 133 | 2201202 Postage Expenses | | 11000 | 20000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 134 | 2201299 Miscellaneous Communication Expenses | | 10000 | 100000 |
| 135 | 2201301 Electricity Charges - Allied Institutions | | 0 | 50000 |
| 136 | 2202001 Books & Periodicals | | 50000 | 50000 |
| 137 | 2202101 Printing & Stationery | | 350000 | 300000 |
| 138 | 2204001 Insurance | | 10000 | 10000 |
| 139 | 2204002 Insurance - Vehicles | | 0 | 75000 |
| 140 | 2205101 Miscellaneous Legal Expenses | | 25000 | 50000 |
| 141 | 2205201 Professional & Other Fees | | 10000 | 10000 |
| 142 | 2206001 Newspaper Advertisement Charges | | 25000 | 100000 |
| 143 | 2206002 Keralolsavam Expenses | | 150000 | 150000 |
| 144 | 2206101 Membership & Subscriptions | | 5000 | 10000 |
| 145 | 2208001 Festival Expenses | | 25000 | 200000 |
| 146 | 2208002 Workshops and Seminars | | 20000 | 100000 |
| 147 | 2208003 Grama Sabha/ Ward Sabha Expenses | | 100000 | 200000 |
| 148 | 2208004 Compensation Ordered By Court | | 0 | 1000000 |
| 149 | 2208005 Donations And Contributions As Per Government Order | | 70000 | 200000 |
| 150 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | | 15000 | 50000 |
| 151 | 2208099 Miscellaneous Administration Expenses | | 300000 | 500000 |
| 152 | 2302001 Water Charges - Street Tap | | 45000 | 50000 |
| | **Total Administrative Expenses** | | **1429000** | **4091000** |
| | **Operation and Maintenance - 230** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 153 | 2301001 Electricity Charges for Street Lights | | 825000 | 1000000 |
| 154 | 2301002 Fuel Charges | | 60000 | 100000 |
| 155 | 2301003 Electricity Charges of Other Buildings of LB | | 25000 | 50000 |
| 156 | 2304001 Vehicle Hire Charges | | 15000 | 15000 |
| 157 | 2304002 Equipment Hire Charges | | 5000 | 50000 |
| 158 | 2304099 Other Hire Charges | | 10000 | 100000 |
| 159 | 2304201 Reward for Reporting Waste Dumping | | 0 | 100000 |
| 160 | 2305001 Repairs & Maintenance - Roads and Pavements | | 0 | 400000 |
| 161 | 2305301 Repairs & Maintenance - Vehicles | | 100000 | 250000 |
| 162 | 2305901 Repairs & Maintenance - Machinery | | 60000 | 70000 |
| 163 | 2305902 Repairs & Maintenance - Office Equipments | | 70000 | 75000 |
| 164 | 2305909 Other Repairs & Maintenance | | 250000 | 300000 |
| 165 | 2308005 Expenses relating to collection of Taxes | | 9000 | 100000 |
| 166 | 2308008 Expenses Related to Pandemic/Epidemic Control | | 0 | 100000 |
| 167 | 2308010 Extra - ordinary Expenses | | 25000 | 250000 |
| 168 | 2308011 Expenses For Removal Of Unauthorized Construction | | 20000 | 200000 |
| 169 | 2308012 Expenses Related To Removal Of Encroachments | | 10000 | 50000 |
| 170 | 2308013 Sanitation Expenses | | 325000 | 1000000 |
| 171 | 2308014 Expenses related to Inaugurations and Ceremonies | | 0 | 200000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 172 | 2308099 Other Operating & Maintenance Expenses | | 100000 | 500000 |
| 173 | 2308201 Refreshment Charges | | 130000 | 300000 |
| | **Total Operation and Maintenance** | | **2039000** | **5210000** |
| | **Interest and Finance Charges - 240** | | | |
| 174 | 2407001 Bank Charges | | 1500 | 5000 |
| | **Total Interest and Finance Charges** | | **1500** | **5000** |
| | **Programe Expenses - 250** | | | |
| 175 | 2501001 Election Expenses | | 300000 | 100000 |
| 176 | 2502001 Expenditure on Poverty Eradication Program | | 16791342 | 3110000 |
| 177 | 2502002 Expenses towards Disaster Management Activities | | 0 | 1000000 |
| | **Total Programe Expenses** | | **17091342** | **4210000** |
| | **Expenses Related to Productive Sector - 251** | | | |
| 178 | 2510101 Agriculture - Paddy | | 5583772 | 0 |
| 179 | 2510102 Agriculture - Coconut | | 533333 | 0 |
| 180 | 2510104 Agriculture - Vegetables | | 20800 | 0 |
| 181 | 2510105 Agriculture - Plaintane | | 300000 | 0 |
| 182 | 2510106 Agriculture - Tubercrops | | 697100 | 0 |
| 183 | 2510119 Agriculture - Haritha Keralam | | 410200 | 0 |
| 184 | 2510132 Agriculture Related Facilities | | 100000 | 0 |
| 185 | 2510201 Animal Husbandry - Cow | | 1200000 | 0 |
| 186 | 2510204 Animal Husbandry - Calf | | 800000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 187 | 2510205 Animal Husbandry - Poultry | | 979300 | 0 |
| 188 | 2510209 Animal Husbandry - Infrastructure | | 315000 | 0 |
| 189 | 2510210 Animal Husbandry - Disease Control | | 50000 | 0 |
| 190 | 2510305 Dairy Development - Milk Incentives | | 700000 | 0 |
| 191 | 2510501 Minor Irrigation | | 150000 | 0 |
| 192 | 2510601 Small scale industries and Micro enterprises | | 3500000 | 0 |
| | **Total Expenses Related to Productive Sector** | | **15339505** | **0** |
| | **Expenses Related to Service Sector - 252** | | | |
| 193 | 2520101 Pre-primary Education | | 50000 | 0 |
| 194 | 2520102 Primary Education | | 225000 | 0 |
| 195 | 2520107 Education-Related Activities | | 785000 | 0 |
| 196 | 2520109 Encourage Excellence of SC/ ST | | 1725000 | 0 |
| 197 | 2520111 Contribution towards SSA | | 650000 | 0 |
| 198 | 2520202 Literacy Equivalance Examination | | 50000 | 0 |
| 199 | 2520303 Reading Rooms ,Libraries - Periodicals | | 15000 | 0 |
| 200 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 450000 | 0 |
| 201 | 2520602 Health related Programs | | 363000 | 0 |
| 202 | 2520603 Health Sub centers | | 192000 | 0 |
| 203 | 2520618 Medical Institution - Allopathy | | 10537903 | 0 |
| 204 | 2520619 Medical Institution - Ayurvedic | | 1525000 | 0 |
| 205 | 2520620 Medical Institution - Homoeo | | 400000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 206 | 2520701 Drinking Water - Individual | | 300000 | 0 |
| 207 | 2520702 Drinking Water - Public | | 3932853 | 0 |
| 208 | 2520801 Housing & House Electrification - Individual | | 60375000 | 0 |
| 209 | 2520901 Special Child Welfare Program | | 1050000 | 0 |
| 210 | 2520903 Women Welfare | | 2250000 | 0 |
| 211 | 2520904 Welfare of the Aged | | 756800 | 0 |
| 212 | 2520905 Welfare Programs for the Destitute | | 100000 | 0 |
| 213 | 2520906 Welfare Programs for Physically/ Mentally Challenged | | 3000656 | 0 |
| 214 | 2520908 Social Security Programme | | 275000 | 0 |
| 215 | 2521001 Anganwadi Nutrition | | 5300000 | 0 |
| 216 | 2521101 Anganwadi Infrastructure | | 350000 | 0 |
| 217 | 2521102 Anganwadi Related Services | | 30000 | 0 |
| 218 | 2521201 Vocational Capacity Building - Vocational Training | | 150000 | 0 |
| 219 | 2521402 Electricity Line - Transformer - Voltage Improvement | | 150000 | 0 |
| 220 | 2521601 Local Government Service Delivery Improvement | | 662438 | 0 |
| 221 | 2521602 Payments to IKM | | 140072 | 0 |
| 222 | 2521701 Allied Institution Service Delivery Improvement | | 965600 | 0 |
| 223 | 2521803 Contribution to Mahathma Gandhi NREGS for Wages | | 1500000 | 1500000 |
| 224 | 2521903 Public Sanitation - Related Activities | | 2689590 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 225 | 2521904 Toilet (Individual) | | 665600 | 0 |
| 226 | 2522001 Plan Formulation, Implementation and Monitoring | | 550000 | 0 |
| 227 | 2522201 Disaster Management - Related Services | | 50000 | 0 |
| 228 | 2522304 Solid Waste Management - Classification | | 100000 | 0 |
| 229 | 2522308 Solid Waste Management - Processing - Centralised | | 124450 | 0 |
| 230 | 2522310 Solid Waste Management - Disposal | | 1500000 | 0 |
| | **Total Expenses Related to Service Sector** | | **103935962** | **1500000** |
| | **Expenses Related to Infrastructure Sector - 253** | | | |
| 231 | 2530101 Street Lights | | 2003657 | 0 |
| 232 | 2530201 Roads | | 20660 | 0 |
| 233 | 2530302 Public Buildings - Other Buildings | | 100000 | 0 |
| 234 | 2530501 Vehicle Rent for Engineering Wing | | 365000 | 0 |
| 235 | 2530502 Hiring of vehicles for office purposes | | 10000 | 0 |
| | **Total Expenses Related to Infrastructure Sector** | | **2499317** | **0** |
| | **Expenses related to State Sponsored Schemes - 254** | | | |
| 236 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | | 2004800 | 2004800 |
| 237 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | | 18942600 | 18942600 |
| 238 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | | 1379800 | 1379800 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 239 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | | 5733200 | 5733200 |
| 240 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 90000 | 120000 |
| 241 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | | 37032900 | 37032900 |
| 242 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | | 0 | 24000000 |
| | **Total Expenses related to State Sponsored Schemes** | | **65183300** | **89213300** |
| | **Prior Period Items - 280** | | | |
| 243 | 2808001 Prior Period Expenses | | 50000 | 2000000 |
| 244 | 2808002 Prior Period Expenses - Remittance of Unutilized Grants to Government | | 0 | 100000 |
| | **Total Prior Period Items** | | **50000** | **2100000** |
| | **Total Revenue Expenditure** | | **220415426** | **127102800** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 245 | 3401001 Earnest Money Deposit | | 30000 | 150000 |
| 246 | 3401002 Security Deposit | | 100000 | 150000 |
| 247 | 3401003 Retention | | 225000 | 300000 |
| 248 | 3402006 Election Deposit(Candidate) | | 0 | 196000 |
| | **Total Refund of Deposits** | | **355000** | **796000** |
| | **Payment of Recoveries - 350** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 249 | 3501102 Net Salary Payable | | 426803 | 0 |
| 250 | 3501107 Contribution to Other Pension Fund Payable | | 24760 | 0 |
| 251 | 3501116 Pension Contribution Payable | | 38970 | 0 |
| 252 | 3501122 Leave Salary Payable | | 100000 | 300000 |
| 253 | 3501301 Employers Liabilities - Pension Contribution (NPS) | | 47417 | 0 |
| 254 | 3502001 Recoveries Payable - General Provident Fund | | 20950 | 0 |
| 255 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | | 54630 | 0 |
| 256 | 3502012 Recoveries Payable - State Life Insurance | | 11800 | 0 |
| 257 | 3502013 Recoveries Payable - Group Saving Life Insurance | | 5413 | 0 |
| 258 | 3502014 Recoveries Payable - Group Insurance | | 9000 | 0 |
| 259 | 3502018 Recoveries Payable-Audit Recovery | | 125000 | 0 |
| 260 | 3502020 Recoveries Payable - Employee Share NPS | | 22657 | 0 |
| 261 | 3502022 Recoveries Payable -Medisep -Regular | | 6500 | 0 |
| 262 | 3502025 Recoveries Payable - Income Tax Deducted at Source | | 4688 | 0 |
| 263 | 3503001 Government and Other Dues Payable - Library Cess Payable | | 700000 | 0 |
| 264 | 3504010 Refund Payable - Other Fees | | 300000 | 0 |
| 265 | 3504018 Refund Payable - Grants and Funds | | 41600 | 0 |
| | **Total Payment of Recoveries** | | **1940188** | **300000** |
| | **Fixed Assets - 410** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 266 | 4101001 Land | | 200000 | 0 |
| 267 | 4101008 Public well | | 100000 | 0 |
| 268 | 4102002 Administrative Buildings | | 100000 | 0 |
| 269 | 4102016 Other Buildings | | 2779136 | 0 |
| 270 | 4102017 Compound Wall | | 311951 | 0 |
| 271 | 4103001 Concrete Roads | | 15660983 | 5610000 |
| 272 | 4103002 Black Topped Roads | | 15491878 | 0 |
| 273 | 4103003 Interlocked Roads | | 320000 | 0 |
| 274 | 4103004 Footpath | | 820000 | 0 |
| 275 | 4103010 Culverts | | 190000 | 0 |
| 276 | 4103012 Side Walls | | 3515000 | 0 |
| 277 | 4103099 Other Constructions | | 107556 | 0 |
| 278 | 4103102 Drainage | | 504544 | 0 |
| 279 | 4103302 Street Light | | 200000 | 0 |
| 280 | 4104001 Plant & Machinery | | 82034 | 0 |
| 281 | 4105001 Vehicles | | 175000 | 0 |
| 282 | 4106002 Computers, Printers & Peripherals | | 436152 | 0 |
| 283 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 401000 | 0 |
| 284 | 4108001 Other Fixed Assets | | 1540801 | 0 |
| | **Total Fixed Assets** | | **42936035** | **5610000** |
| | **Loans, Advances and Deposits - 460** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 285 | 4601001 Festival Advance to Employees | | 106000 | 400000 |
| 286 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 105080 | 1373750 |
| | **Total Loans, Advances and Deposits** | | **211080** | **1773750** |
| | **Total Capital Expenditure** | | **45442303** | **8479750** |
| | **Total Expenditure** | | **265857729** | **135582550** |
| | **Total Receipts** | | **283374606** | **238899411** |
| | **Balance** | | **57906143** | **162745004** |

# ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ജെൻഡർ ബഡ്ജറ്റ്

| #REF! | പ്രോജക്ടിന്റെ പേര് | വിഹിതം (രൂപ) | ലിംഗാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കൾ | | ലിംഗാടിസ്ഥാനത്തിലുള്ള ബഡ്ബറ്റ് തുക | | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | |
| 1 | പരമ്പരാഗത വനിത കൈതൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം | 5,00,000 | | 5 | | 5,00,000 | സ്ത്രീ ശാക്തീകരണം വനിതകൾക്ക് സ്വയംതൊഴിൽ |
| 2 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം | 3,00,000 | | 3 | | 3,00,000 | സ്ത്രീ ശാക്തീകരണം വനിതകൾക്ക് സ്വയംതൊഴിൽ |
| 3 | വനിതകൾക്ക് ബ്രോയിലർ യൂണിറ്റിന് ധനസഹായം | 4,00,000 | | 2 | | 4,00,000 | സ്ത്രീ ശാക്തീകരണം വനിതകൾക്ക് സ്വയംതൊഴിൽ |
| 4 | നെൽകൃഷി വികസനം - വനിതാ ഗ്രൂപ്പുകൾക്ക് | 9,50,000 | | 70 | | 9,50,000 | സ്ത്രീ ശാക്തീകരണം വനിതകൾക്ക് സ്വയംതൊഴിൽ |
| 5 | വനിതകൾക്ക് ഓപൺ ജിം | 10,00,000 | | 250 | | 10,00,000 | സാമൂഹിക സുരക്ഷിതത്തം |
| 6 | എസ് സി വനിതകൾക്ക് വാട്ടർടാങ്ക് | 4,00,000 | | 100 | | 4,00,000 | സ്ത്രീ ശാക്തീകരണം |
| 7 | കമ്യൂണിറ്റി വിമെൺ ഫാസിലിറ്റേറ്റർ നിയമനവും ജാഗ്രത സമിതി ശക്തിപ്പെടുത്തൽ | 3,00,000 | | 200 | | 3,00,000 | സ്ത്രീ ശാക്തീകരണം |
| 8 | നെൽകൃഷി വികസനം - വനിതാ ഗ്രൂപ്പുകൾക്ക് | 9,50,000 | | 8 | | 9,50,000 | സ്ത്രീ ശാക്തീകരണം വനിതകൾക്ക് സ്വയംതൊഴിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം | 3,00,000 | | 3 | | 3,00,000 | സാമൂഹിക സുരക്ഷിതത്തം സ്ത്രീ പദവി ഉയർത്തൽ |
| 10 | വനിതകൾക്ക് പെണ്ണാട് | 8,00,000 | | 40 | | 8,00,000 | സാമൂഹിക സുരക്ഷിതത്തം സ്ത്രീ പദവി ഉയർത്തൽ |
| 11 | എസ് സി വനിതകൾക്ക് പെണ്ണാട് | 2,00,000 | | 10 | | 2,00,000 | സാമൂഹിക സുരക്ഷിതത്തം സ്ത്രീ പദവി ഉയർത്തൽ |
| 12 | വനിതകൾക്ക് ബ്രോയിലർ യൂണിറ്റിന് ധനസഹായം | 4,00,000 | | 2 | | 4,00,000 | സാമൂഹിക സുരക്ഷിതത്തം സ്ത്രീ പദവി ഉയർത്തൽ |

# ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്
## പെർഫോമൻസ് ബഡ്ജറ്റ്

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വിഹിതം (രൂപ) | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|
| | | നോൺപ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | സുസ്ഥിര നെൽകൃഷി വികസനം | 35,20,000 | 39,00,000 | 74,20,000 | കൃഷിയുടെ പ്രാധാന്യം വർദ്ധിപ്പിക്കൽ | കൃഷിയുടെ പ്രാധാന്യം വർദ്ധിപ്പിക്കൽ ജീവിത നിലവാരം ഉയർത്തൽ |
| 2 | ലൈഫ് ഭവന പദ്ധതി | 50,00,000 | 50,00,000 | 1,00,00,000 | ഭവന നിർമ്മാണം ഭവന സുരക്ഷ ഉറപ്പ് വരുത്തൽ | ഭവന നിർമ്മാണം ഭവന സുരക്ഷ ഉറപ്പ് വരുത്തൽ |
| 3 | വീട് വാസയോഗ്യമാക്കൽ | | 17,40,000 | 17,40,000 | ഭവന സുരക്ഷ ഉറപ്പാക്കൽ | ഭവന സുരക്ഷ ഉറപ്പ് വരുത്തൽ |
| 4 | അംഗൻവാടി പോഷകാഹാര പരിപാടി | 14,00,000 | 28,00,000 | 42,00,000 | ശിശു വികസന പോഷകാഹാരക്കുറവ് പരിഹരിക്കൽ | ശിശു വികസന പോഷകാഹാരക്കുറവ് പരിഹരിക്കൽ |
| 6 | ആരോഗ്യഭേരി | 2,50,000 | | 2,50,000 | ആരോഗ്യ നിലവാരം ഉയർത്തൽ | ആരോഗ്യ നിലവാരം ഉയർത്തൽ |
| 7 | വയോജന സംഗമം | | 2,00,000 | 2,00,000 | വയോജന ക്ഷേമം | വയോജന ക്ഷേമം |
| 8 | എജു അറ്റ് ഇരിമ്പിളിയം - സമഗ്ര വിദ്യാഭ്യാസ പരിപോഷണ പരിപാടി | 1,50,000 | | 1,50,000 | വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക | വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക |
| 9 | ഭിന്നശേഷി വിനോദയാത്ര | | 2,00,000 | 2,00,000 | ഭിന്നശേഷി ക്ഷേമം | ഭിന്നശേഷി ക്ഷേമം |
| 10 | അക്ഷര വെളിച്ചം പദ്ധതി | | 1,50,000 | 1,50,000 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക |